DESPATCHED
On..22/06/2020

05/03/2020

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം_695 001**
**Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920**
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.34(4)/2013/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.3476/SIC-Gen 2/2010**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ഉത്തോന്തിൽ കൃഷ്ണൻകുട്ടി,
ജയഭവനം,
തളിപ്പുഴ, ലക്കിടി പി.ഒ.,
വൈത്തിരി, വയനാട് – 673 576.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
   വൈത്തിരി ഗ്രാമപഞ്ചായത്ത്,
   വൈത്തിരി പി.ഒ., വയനാട് ജില്ല – 673 576.

2. അപ്പീലധികാരി & പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്,
   വയനാട്.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ, വൈത്തിരി ഗ്രാമപഞ്ചായത്തിൽ നിന്ന് ക്രൈം 119/09 കേസുമായി ബന്ധപ്പെട്ട് വൈത്തിരി പോലീസ് സ്റ്റേഷനിലേക്ക് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ആവശ്യപ്പെട്ട് ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭിച്ചില്ല എന്നതാണു പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 23.02.19ൽ വയനാട് കളക്ടറേറ്റിലെ വീഡിയോ കോൺഫറൻസിങ് സംവിധാനം വഴി ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരനും, ഒന്നാം എതിർകക്ഷിയും ഹിയറിംഗിൽ പങ്കെടുത്തു.

അപേക്ഷയ്ക്ക് ശരിയായ വിവരം ഒന്നാം എതിർകക്ഷി നൽകിയില്ലെന്ന് അപ്പീൽ ഹർജിക്കാരൻ മൊഴി നൽകി.

3. അപ്പീൽ ഹർജിക്കാരൻ പറയുന്നതുപോലെ 119/09 കേസിൽ തന്റെ ഓഫീസിൽ നിന്ന് വൈത്തിരി പോലീസ് സ്റ്റേഷനിലേക്ക് പ്രത്യേക റിപ്പോർട്ടുകൾ നൽകിയിട്ടില്ലെന്നും, വൈത്തിരി S.Iയുടെ അപേക്ഷ പ്രകാരം VP VIII/70 A എന്ന ഷെഡിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് നൽകുക മാത്രമാണു ചെയ്തതെന്നും, അതുകൊണ്ടാണ്

റിപ്പോർട്ടുകൾ നൽകിയിട്ടില്ലെന്ന് മറുപടി നൽകിയതെന്നും, പോലീസിനു നൽകിയ റിപ്പോർട്ട് കുറ്റാന്വേഷണത്തിന്റെ ഭാഗമായുള്ളതായതുകൊണ്ടാണ് വിവരാവകാശ നിയമം 8(h) വകുപ്പു പ്രകാരം നൽകാൻ നിവൃത്തിയില്ല എന്നറിയിച്ചതെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു.

4. ഇരു കക്ഷികളുടെയും മൊഴികളും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. അതിൽ നിന്ന്, അന്വേഷണവുമായി ബന്ധപ്പെട്ട റിപ്പോർട്ട് പുറത്തു നൽകുന്നത് അന്വേഷണ നടപടികളെ ബാധിക്കാനിടയുണ്ട് എന്നതുകൊണ്ട്, വിവരാവകാശ നിയമം 8(h) വകുപ്പ് പ്രകാരം നൽകാൻ കഴിയില്ല എന്നറിയിച്ച ഒന്നാം എതിർകക്ഷിയുടെ നടപടി കമ്മീഷൻ ശരിവയ്ക്കുന്നു.

5. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 മാർച്ച് മാസം 5-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.